**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3765** **09-10-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെ ആർജ്ജിത നൈപുണ്യ നിലവാര വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ വി കെ പ്രശാന്ത് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എൻജിനീയറിംഗ് കോളേജുകളിൽ പോളിടെക്നിക് ഡിപ്ലോമ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | സ്വാശ്രയ മേഖലയിലെ 23 എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിൽ പോളിടെക്നിക് ഡിപ്ലോമ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പോളിടെക്നിക് ഡിപ്ലോമ കോഴ്സുകളുടെ അവസാന സെമസ്റ്റർ ഇന്റേൺഷിപ്പിന് ഉപയോഗിക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ ആർജ്ജിത നൈപുണ്യ നിലവാരത്തിൽ വർദ്ധനവ് ഉണ്ടാകുമെന്ന് കരുതാമോ; വിശദമാക്കാമോ; | (ബി) | നിലവിൽ ആറാം സെമെസ്റ്ററിൽ വിദ്യാർത്ഥികൾക്ക് ഇൻറേൺഷിപ് പാത്ത് വേയിലൂടെ നൈപുണ്യ വികസനം ആർജിക്കുവാൻ കഴിയുന്നു എന്ന് വിലയിരുത്തുന്നു. നിലവിലെ വ്യാവസായിക അന്തരീക്ഷം കൂടുതൽ അടുത്തറിയാനും, തങ്ങളുടെ പാഠ്യ വിഷയത്തിന്റെ ഏറ്റവും പുതിയ സാങ്കേതിക വിദ്യ മനസിലാക്കാനും ഇത് സഹായിക്കുന്നു എന്ന് വിദ്യാർഥികളിൽ നിന്നും സ്വീകരിച്ച ഫീഡ് ബാക്കിലൂടെ മനസിലാക്കാൻ സാധിക്കുന്നുണ്ട്. ആറാം സെമസ്റ്ററിൽ ഇന്റേൺഷിപ് സ്റ്റൈപ്പൻറ് ആയിട്ട് 25,000 രൂപ വരെ വാഗ്ദാനം ചെയ്യുന്ന കമ്പനികൾ ഇപ്പോൾ നിലവിലുണ്ട്. കോഴ്സ് പൂർത്തിയാക്കുന്ന മുറയ്ക്ക് ഈ കുട്ടികളെ അവർ സ്ഥിര ജോലിയി ലേക്കും തിരഞ്ഞെടുക്കുന്നുണ്ട്. |
| (സി) | നൈപുണ്യ നിലവാര വർദ്ധനവിനായി സ്വീകരിച്ചിട്ടുള്ള മറ്റ് നടപടികൾ വിശദമാക്കാമോ? | (സി) | നൈപുണ്യ നിലവാരം ഉയർത്തുന്നതിനും തൊഴിൽ കരസ്ഥമാക്കുന്നതിനുള്ള സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി 2021 സിലബസ് റിവിഷന്റെ ഭാഗമായി 2, 4 സെമസ്റ്ററുകളിൽ ഇന്റേൺഷിപ് ട്രെയിനിങ് നിർബന്ധമായും ചെയ്യണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതുപോലെ ആറാം സെമെസ്റ്ററിൽ 6 മാസം വരെ ഇന്റേൺഷിപ് സ്വീകരിക്കാനും അവസരം ഒരുക്കിയിട്ടുണ്ട്. ഇതിനു പുറമെ, സംസ്ഥാനത്തെ വിവിധ പോളിടെക്നിക് കോളേജുകളിൽ Industry on Campus (IOC), മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് (MIU) എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു. e-ഓട്ടോ അസംബ്ലി, LED display board assembly, |

| | | | |
|---|---|---|---|
| | | | ലാബുകളിലേക്കുള്ള ടെസ്റ്റ് കിറ്റ് പോലുള്ള പ്രൊജെക്ടുകൾ ഇൻഡസ്ട്രി സഹായത്തോടെ ഏറ്റെടുത്തു വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ